9161

പ്രേക്ഷിതൻ

ജയപ്രകാശ് പി. വി
പല്ലാര ഹൗസ്
ചേറൂർ പി. ഒ
തൃശ്ശൂർ ജില്ല– 680008.

സ്വീകർത്താവ്

ഡയറക്ടർ
സാമൂഹ്യനീതി വകുപ്പ്
വികാസ് ഭവൻ
തിരുവനന്തപുരം.

വിഷയം: വിവരാവകാശ നിയമപ്രകാരം മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്.

ചോദ്യം 1: ഗവ. ചിൽഡ്രൻസ് ഹോം തൃശ്ശൂരിലെ 113/16 കത്തു ലഭിച്ചതിൻമേൽ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്?

ചോദ്യം 2: ഈ കത്തിൻപ്രകാരം 2015–2016 കാലയളവിൽ തൃശ്ശൂർ ചിൽഡ്രൻസ് ഹോമിൽ സാമ്പത്തിക ക്രമക്കേട് നടന്ന സമയത്ത് സൂപ്രണ്ടായിരുന്ന എ.എ ഷറഫുദ്ദീന്റെ പേരിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ചോദ്യം 3: 113/16 കത്തിൽ പരാമർശിച്ചിട്ടുള്ള ശ്രീ. രവികുമാറിന്റെ പേരിൽ സ്വീകരിച്ചിട്ടുള്ള ശിക്ഷാനടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുക?

ചോദ്യം 4: 2015–16 കാലയളവിലെ കാഷ്ബുക്കും, ചെക്ക് ഇഷ്യൂ രജിസ്റ്ററും, ചെക്കുകളും സൂപ്രണ്ടായിരുന്ന എ. എ ഷറഫുദ്ദീൻ തന്നെയാണോ ഒപ്പുവെച്ചിട്ടുള്ളത്.?

ചോദ്യം 5: സൂപ്രണ്ടല്ലായെങ്കിൽ എങ്ങിനെയാണ്, ഏതുവിധേനയാണ് സൂപ്രണ്ടല്ല എന്ന് തീർച്ചപ്പെടുത്തിയിട്ടുള്ളത്.?

ഹാന്റ്റൈറ്റിംഗ് എക്സ്പേർട്ട് പരിശോധിക്കുകയോ, ഡിപ്പാർട്ട്മെന്റ് പരിശോധിക്കുകയോ,വിജിലൻസോ, പോലീസ് ഡിപ്പാർട്ട്മെന്റോ പരിശോധിക്കുക ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുക?

ചോദ്യം 6: സാമ്പത്തിക ക്രമക്കേടിന്റെ, ഭാഗമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്ത ശ്രീ. രവികുമാറിന് തുടർനിയമനം നടത്തിയിട്ടുണ്ടോ?

PTO

ചോദ്യം 7: സാമ്പത്തിക ക്രമക്കേട് നടന്നു എന്നു പറയുന്ന കാലയളവിലെ സൂപ്രണ്ടായിരുന്ന ശ്രീ. എ. എ ഷറഫുദ്ദീനെ സാമ്പത്തിക ക്രമക്കേട് ടി ഓഫീസിൽ നടന്നു എന്ന കാരണത്താലാണോ ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്.?.

ചോദ്യം 8: സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിലെ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. എ. എ ഷറഫുദ്ദീൻ മൊഴി കൊടുത്തിട്ടുള്ള വിയ്യൂർ പോലീസ് സ്റ്റേഷനിലെ കേസിലെ നിലവിലെ സ്ഥിതി എന്താണ്?

ടി വിവരങ്ങൾ തൃശ്ശൂർ വിജിലൻസ് കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കാണ്. ആയതിന് ആവശ്യം വരുന്ന സ്റ്റാമ്പ് ഹാജരാക്കുവാൻ ഞാൻ തയ്യാറുള്ളതാണ്.

09/07/18

എന്ന്
വിശ്വസ്തതയോടെ
Jayaprakash
ജയപ്രകാശ് പി. വി
പല്ലാര ഹൗസ്
ചേറൂർ പി. ഒ
തൃശ്ശൂർ ജില്ല– 680008.